**പള്ളിക്കൂദാശാക്കാലം ഒന്നാം ഞായർ**

**മത്താ 25:1–13**

## ഒരുങ്ങിയിരിക്കുന്നവർ മണവറയിൽ പ്രവേശിക്കും

**ഡോ. വർഗീസ് അമ്പലത്തിങ്കൽ**

വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്ന ഉപമയാണ് പത്തു കന്യകമാരുടെ ഉപമ. ഈശോയുടെ രണ്ടാമത്തെ വരവ് അപ്രതീക്ഷിതമായിരിക്കുമെന്നും അതിനാൽ എപ്പോഴും ഒരുങ്ങിയിരിക്കേണ്ടത് ആവശ്യമാണെന്നും ഈ ഉപമ പഠിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ഈ ഉപമ യുഗാന്ത്യോന്മുഖ സ്വഭാവമുള്ളതാണ്. എപ്പോഴും ഒരുങ്ങിയിരിക്കുന്നവർ സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശിക്കും. ഈശോനാഥൻ വരുമ്പോൾ ഒരുക്കമില്ലാതെ കാണപ്പെടുന്നവർ അവിടുത്തെ സന്തോഷം അനുഭവിക്കുകയില്ല. അവസാന മണിക്കൂറിലെ ഒരുക്കം കൊണ്ടു ഫലമില്ല. എപ്പോഴും ഒരുങ്ങിയിരിക്കുന്നതാണ് വിവേകം.

മണവാളനും പത്തു കന്യകമാരുമാണ് ഈ ഉപമയിലെ മുഖ്യ കഥാപാത്രങ്ങൾ. മണവാളനെ എതിരേല്ക്കുവാനാണ് കന്യകമാർ വിളക്കുമേന്തി നിന്നത്. വിളക്ക് എന്നത് വടിയുടെ അറ്റത്ത് തുണിചുറ്റി അതിൽ എണ്ണ പകർന്ന് കത്തിക്കുന്ന പന്തങ്ങളാകുവാനാണ് സാധ്യത. അതുകൊണ്ട് എണ്ണ നിറച്ച (ഭരണി) ജാറുകൾ പന്തങ്ങൾക്കൊപ്പം കരുതുക വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഒരു ജാർ എണ്ണ കൂടെയെടുക്കാത്ത ഒരു വിളക്ക്, ബാറ്ററിയില്ലാത്ത ആധുനിക ടോർച്ച് പോലെ ഉപയോഗശൂന്യമാണ്. മണവാളൻ വരുവാൻ താമസിച്ചപ്പോൾ പന്തം കത്തിച്ചു വച്ച്, വഴിയരികിൽ തന്നെ കന്യകമാർ കിടന്നുറങ്ങി. ഏറ്റവും അപ്രതീക്ഷിതമായ സമയത്ത് അർദ്ധരാത്രിയിൽ, മണവാളന്റെ വരവ് അറിയിച്ചുകൊണ്ടുള്ള ആർപ്പുവിളിയുണ്ടായി. കന്യകമാർ എഴുന്നേറ്റു വിളക്കു തെളിച്ചു. പക്ഷേ, വിവേകരഹിതരുടെ കൈവശം എണ്ണയില്ലാതിരുന്നതിനാൽ വിളക്കുകൾ തെളിക്കുവാൻ അവർക്കു കഴിഞ്ഞില്ല.
എന്തുകൊണ്ടാണ് വിവേകശൂന്യകളായ അഞ്ചു കന്യകമാർക്ക് വിവാഹവിരുന്നു നഷ്ടമായത്? അവർ ഉറങ്ങിപ്പോയതു കൊണ്ടല്ല. അഞ്ചാം വാക്യത്തിൽ കാണുന്നതുപോലെ വിവേകവതികളടക്കം പത്തുപേരും മണവാളൻ വരാൻ വൈകിയതുകൊണ്ട് കിടന്നുറങ്ങി (25:5 – മണവാളൻ വരാൻ വൈകി. ഉറക്കം വരുകയാൽ കന്യകമാർ കിടന്നുറങ്ങി). അർധരാത്രിയിലെ ആർപ്പുവിളി കേട്ടാണ് അവരെല്ലാവരും ഉണർന്നത്. ഉറങ്ങുന്നതിനു മുമ്പ് അവർ നടത്തേണ്ടിയിരുന്ന ''ഒരുക്കത്തെ'' ലാഘവ ബുദ്ധിയോടെ കണ്ടതുകൊണ്ടാണ് മണവാളനോടൊത്ത് വിവാഹവിരുന്നിന് അകത്തു പ്രവേശിക്കാൻ വിവേകശൂന്യകൾക്ക് സാധിക്കാതെ പോയത്. അവസാന നിമിഷത്തെ ക്രമീകരണത്തിലൂടെ (adjustment) നേടാവുന്ന ഒന്നല്ല ''ഒരുക്കം'' (readiness) എന്ന് ഈ ഉപമ വ്യക്തമാക്കുന്നു.

വിവേകശൂന്യർ എണ്ണയുമായി എത്തുന്നതിനു മുമ്പേ വാതിലടയ്ക്കപ്പെട്ടു. ''കർത്താവേ, കർത്താവേ, എന്നു വിളിച്ചപേക്ഷിച്ചെങ്കിലും മണവാളൻ വാതിൽ തുറന്നില്ല. തന്നെയുമല്ല, താൻ അവരെ അറിയുകയില്ലെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുകയും ചെയ്തു. മണവാളന്റെ ഈ മറുപടി ഉപമയ്ക്ക് വളരെയേറെ യുഗാന്ത്യോന്മുഖ സ്വഭാവം നല്കുന്നു. നാം അവിടുത്തെ സ്വീകരിക്കാൻ നിരന്തരം ഒരുക്കമുള്ളവരായിരിക്കണം. നിമിഷങ്ങളുടെ മനുഷ്യരാകാതെ, വരുവാനിരിക്കുന്ന സന്തോഷത്തെ മുൻകൂട്ടി കണ്ട്, ഈശോ കാണിച്ചുതന്ന വഴിയിലൂടെ ചരിക്കണം. അവിടുത്തെ കണ്ടുമുട്ടുവാനും എതിരേല്ക്കുവാനും നാം തീക്ഷ്ണമായി ആഗ്രഹിക്കണം. ഈശോയെ സ്വീകരിക്കാനുള്ള ആദ്ധ്യാത്മിക ഒരുക്കം നാം സ്വയം നടത്തണം. നാം സ്വന്തമായി നടത്തേണ്ട ആദ്ധ്യാത്മിക ഒരുക്കം, മറ്റൊരുവനിൽ നിന്നു സ്വീകരിക്കാൻ സാധ്യമല്ല. ഓരോരുത്തരും അവരവരുടെ എണ്ണ കൈവശം കരുതണം.